LIBRARY ARCHIVES Kerala Legislative Assembly

(2) കനാൽ നവീകരണ പുനരധിവാസ പ്രവർത്തനങ്ങൾ

ശ്രീ. ടി. ജെ. വിനോദ്: സർ, സംസ്ഥാന സർക്കാരിന്റെ കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ ഡിപ്പാർട്ടുമെന്റിന്റെ നേതൃത്വത്തിൽ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (കെ.എം.ആർ.എൽ.) നിർവ്വഹണ ഏജൻസിയായി കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടുകൂടി 1528.27 കോടി രൂപ ചെലവ് വരുന്ന ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആൻഡ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം പ്രോജക്ട് കൊച്ചി നഗരത്തിൽ നടപ്പാക്കുന്നതിലൂടെ കൊച്ചിയുടെ വികസനത്തിന് ആക്കം കൂടുന്നതാണ്. ഏകദേശം മുപ്പത്തിയഞ്ച് കിലോമീറ്റർ നീളത്തിൽ ഭൂമി ഏറ്റെടുത്തുകൊണ്ട് ആറ് കനാലുകളുടെ വീതിയും ആഴവും കൂട്ടുന്നതാണ് പ്രസ്തുത പദ്ധതി. അതിൽ ഇടപ്പള്ളി കനാൽ, ചിലവന്നൂർ കനാൽ, തേവര-പേരണ്ടൂർ കനാൽ, തേവര കനാൽ, മാർക്കറ്റ് കനാൽ എന്നീ അഞ്ച് കനാലുകൾ വില്ലേജ് റിക്കാർഡ് പ്രകാരമോ അല്ലെങ്കിൽ 16.5 മീറ്ററോ ഏതാണ് കൂടുതൽ അതനുസരിച്ച് വീതി വർദ്ധിപ്പിക്കുക എന്നുള്ളതാണ് തീരുമാനം. അഞ്ച് കനാലുകൾക്കായി 41.27 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കേണ്ടത്. ജില്ലാ ഭരണകൂടം കോന്തുരുത്തി കനാലിന്റെ കയ്യേറ്റം ഒഴിപ്പിച്ച് നൽകുന്ന മുറയ്ക്ക് നിർവ്വഹണ ഏജൻസിയായ കെ.എം.ആർ.എൽ. ആഴവും വീതിയും വർദ്ധിപ്പിച്ച് നൽകണം. കനാലുകളുടെ വീതി വർദ്ധിപ്പിക്കുമ്പോൾ ഭൂമിയും വീടും നഷ്ടപ്പെടുന്നവർക്ക് ഫ്ലാറ്റ് നിർമ്മിച്ച് കൊടുക്കുന്ന പുനരധിവാസ പാക്കേജിൽ ആദ്യത്തെ അഞ്ച് കനാലുകളെ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിലും കോന്തുരുത്തി കനാലിനെ ഉൾപ്പെടുത്തിയിട്ടില്ല. അതുകൊണ്ട് ഈ കനാലിന്റെ ഇരുവശങ്ങളിലും അറുപതും എഴുപതും വർഷങ്ങളായി താമസിക്കുന്ന കുടുംബങ്ങളുടെ പുനരധിവാസംകൂടി കെ.എം.ആർ.എൽ.-നെ ഏൽപ്പിക്കേണ്ടതാണ്. കിഫ്ബി സാമ്പത്തികാനുമതി നൽകിയതിനെ തുടർന്ന് 2021 ഫെബ്രുവരി 12-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രസ്തുത പദ്ധതിയുടെ ലോഞ്ചിംഗ് നിർവ്വഹിച്ചുവെങ്കിലും നാളിതുവരെയായി മറ്റ് യാതൊരു നടപടിയുമുണ്ടായിട്ടില്ല. കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതിക്കായി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിക്ക് പ്രോജക്ട് സമർപ്പിച്ച് നാളിതുവരെയായിട്ടും ഒരു നടപടിയുമുണ്ടായിട്ടില്ല. പുനരധിവാസത്തിനായി സ്ഥലം വാങ്ങുന്നതിനും കനാലുകൾക്ക് കുറുകെ നിർമ്മിച്ചിട്ടുള്ള പാലങ്ങൾ പൊളിച്ച് പണിയുന്നതിനും കിഫ്ബിയുടെ സാമ്പത്തികാനുമതിയും ലഭിച്ചിട്ടില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തരമായി ഇടപെട്ട് ഇതിന് പരിഹാരമുണ്ടാക്കണമെന്നാണ് ശ്രദ്ധക്ഷണിക്കലിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ശ്രീ. ടി. ജെ. വിനോദ്, എം.എൽ.എ. ഉന്നയിച്ച ശ്രദ്ധക്ഷണിക്കലിലെ പ്രധാനപ്പെട്ട ആവശ്യം കോന്തുരുത്തി, ചിലവന്നൂർ, ഇടപ്പള്ളി, തേവര, തേവര-പേരണ്ടൂർ, മാർക്കറ്റ് കനാൽ എന്നീ ആറ് കനാലുകൾ നവീകരിച്ച് ജലഗതാഗത യോഗ്യമാക്കുക എന്നതാണ്. ഇതിനായി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്ന ഇന്റഗ്രേറ്റഡ് അർബൻ റീജനറേഷൻ ആൻഡ് വാട്ടർ ട്രാൻസ്പോർട്ട് സിസ്റ്റം എന്ന പ്രോജക്ടിന് തത്വത്തിലുള്ള അനുമതി നൽകിയിരുന്നു. ഇവയിൽ അഞ്ച് കനാലുകളുടെ സാമൂഹികാഘാത പഠനം പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി നടപ്പാക്കുമ്പോൾ 1641 കുടുംബങ്ങളെയാണ് ബാധിക്കുന്നത്. ഇതിൽ പട്ടയമില്ലാത്ത 257 പേരുടെ പുനരധിവാസത്തിനുള്ള പ്രവൃത്തികൾ കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് 'ഭവനം ഫൗണ്ടേഷൻ കേരള'യെ ഏൽപ്പിച്ചിട്ടുണ്ട്. ഭൂമി ഏറ്റെടുക്കൽ പുരോഗമിച്ചുവരികയാണ്. പുനരധിവാസത്തിനായി കാക്കനാട്ട് പത്ത് നിലകളുള്ള ഏഴ് അപ്പാർട്ടുമെന്റുകൾ നിർമ്മിക്കാനുള്ള ടെണ്ടർ നടപടികളും പുരോഗമിച്ചു വരികയാണ്. കോന്തുരുത്തി കനാലുമായി ബന്ധപ്പെട്ട് പുനരധിവസിപ്പിക്കേണ്ട 178 കുടുംബങ്ങളെ സംബന്ധിച്ച് ജില്ലാ കളക്ടറുടെയും കൊച്ചി കോർപ്പറേഷൻ സെക്രട്ടറിയുടെയും ചുമതലയിൽ സർവ്വേ നടത്തി ഭവനം ഫൗണ്ടേഷൻ കേരളയ്ക്ക് റിപ്പോർട്ട് നൽകാനും അതിന്റെ അടിസ്ഥാനത്തിൽ എസ്റ്റിമേറ്റ് തയ്യാറാക്കി തുടർ നടപടികൾ സ്വീകരിക്കാനും അഡീഷണൽ ചീഫ് സെക്രട്ടറി (കോ-ഓർഡിനേഷൻ)-യുടെ അദ്ധ്യക്ഷതയിൽ 04-12-2020-ന് ചേർന്ന യോഗത്തിൽ നിശ്ചയിച്ചിട്ടുണ്ട്. ഒഴിപ്പിക്കപ്പെടുന്നവർക്ക് താൽക്കാലിക താമസമൊരുക്കുന്നതിനും വാടകയുടെ ചെലവ് വഹിക്കുന്നതിനും കൊച്ചി കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. സർക്കാർ രേഖകൾ പ്രകാരമുള്ള കോന്തുരുത്തി കനാലിന്റെ യഥാർത്ഥ വീതി നിശ്ചയിച്ച് കയ്യേറ്റം ഒഴിപ്പിക്കൽ, പുനരധിവാസം എന്നിവ നടത്താൻ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് പൂർത്തിയായി സ്ഥലം നിർവ്വഹണ ഏജൻസിക്ക് കൈമാറുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കും.

ശ്രീ. ടി. ജെ. വിനോദ്: സർ, ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിച്ചതുപോലെ കോന്തുരുത്തി കനാലിന്റെ തീരത്ത് ഏകദേശം 178-ഓളം കുടുംബങ്ങളാണുള്ളത്. അവരെ ഒഴിപ്പിക്കണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി വ്യക്തമായ ഉത്തരവിറക്കിയിട്ടുണ്ട്. അതുകൊണ്ട് അവരുടെ പുനരധിവാസം നമ്മുടെ ഉത്തരവാദിത്വമായി കണക്കാക്കി ഈ പദ്ധതിയിലുൾപ്പെടുത്തി മുന്നോട്ട് പോകാൻ ഗവൺമെന്റ് തയ്യാറാകുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, മറുപടിയിൽത്തന്നെ ചൂണ്ടിക്കാണിച്ചതുപോലെ, കോന്നരുത്തി കനാലുമായി ബന്ധപ്പെട്ട് പുനരധിവസിപ്പിക്കേണ്ടിവരുന്ന 178 കുടുംബങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന് കൃത്യമായ വിവരങ്ങളുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഒഴിപ്പിക്കപ്പെടുന്നവർക്ക് താൽക്കാലിക താമസമൊരുക്കുന്നതിനും അവരുടെ വാടകയുടെ ചെലവ് വഹിക്കുന്നതിനും കൊച്ചി കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. കൃത്യമായ ധാരണയോടുകൂടിത്തന്നെ അവരെ ഒഴിപ്പിക്കുകയും പ്രത്യേക സൗകര്യമുണ്ടാകുന്നതുവരെ വാടകയ്ക്ക് താമസിപ്പിച്ച് വാടക കൊച്ചി കോർപ്പറേഷൻ നൽകുകയും പുനരധിവസിപ്പിക്കുകയും ചെയ്യുന്ന സ്ഥിതിയുണ്ടാകും.

[11.00 a.m.]

V സബ്മിഷൻ

(1) JNTBGRI ഉപകേന്ദ്രത്തിന്റെ പ്രവർത്തനം

ശ്രീ. വി. ആർ. സുനിൽ കുമാർ: സർ, 2019 ജനുവരി 12-ന് കൊടുങ്ങല്ലൂർ നിയോജകമണ്ഡലത്തിൽ കുഴൂർ പഞ്ചായത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത് പ്രവർത്തനമാരംഭിച്ച ജവഹർലാൽ നെഹ്റു ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (JNTBGRI)-ന്റെ ഗവേഷണ ഉപകേന്ദ്രം തുടക്കത്തിൽ വിവിധയിനം തഴകൈത ചെടിയുടെ ഉൽപ്പാദനമാണ് ലക്ഷ്യമിട്ടിരുന്നത്. എന്നാൽ JNTBGRI ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടായ അലംഭാവം കാരണം അതിന് ഫണ്ട് വകയിരുത്തുന്നതിനോ ഗവേഷണ പ്രവർത്തനം തുടരുന്നതിനോ സാധിച്ചിട്ടില്ല. ലബോറട്ടറിയിൽ ഉൽപ്പാദിപ്പിക്കുന്ന ചെടികൾ പുറത്തിറക്കുന്നതിനാവശ്യമായ മിസ്റ്റ് ഹൗസ് നിർമ്മിക്കാത്തതു കാരണം വിപുലമായ തോതിൽ ചെടികളുടെ ഉൽപ്പാദനം നടക്കുന്നില്ല. സർക്കാരിന്റെ വിവിധ പദ്ധതികൾക്കും മറ്റ് ആഭ്യന്തര ഉപയോഗത്തിനും ആവശ്യകതകളേറെയുള്ള ചെടികൾക്ക് ഓർഡർ ലഭിക്കുന്നുണ്ടെങ്കിലും വിപുലമായ തോതിൽ ഉൽപ്പാദനം നടക്കാത്തതുമൂലം ലബോറട്ടറി ഉപയോഗമില്ലാതെ സ്ഥാപനം നശിച്ചുപോകുന്ന സ്ഥിതിയിലാണ്. കഴിഞ്ഞ അഞ്ചുമാസമായി ജീവനക്കാർക്ക് ശമ്പളവും ലഭിക്കുന്നില്ല. ഇത് പരിഹരിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും അടിയന്തര ഇടപെടലുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ശ്രീ. വി. ആർ. സുനിൽ കുമാർ എം.എൽ.എ. സബ്മിഷനിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. പരമ്പരാഗത കൈത വ്യവസായത്തെ